# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 06

# വാർത്താക്കുറിപ്പ്

---

## എം.ജി. പി.ജി. ഏകജാലകം രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**– അർഹത നേടിയവർ ജൂലൈ ഒൻപതിന് വൈകീട്ട് നാലിനകം പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി.ജി. പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂലൈ ഒൻപതിന് വൈകീട്ട് നാലിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. ജൂലൈ ഒൻപതിനകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും.

(പി.ആർ.ഒ./39/1279/2019)

## എം.എ./എം.എസ്‌സി./എം.കോം (പ്രൈവറ്റ്) പരീക്ഷകേന്ദ്രം

2019 ജൂലൈ 11ന് ആരംഭിക്കുന്ന എം.എ., എം.എസ്‌സി., എം.കോം (പ്രൈവറ്റ്) പരീക്ഷകേന്ദ്രങ്ങളുടെ വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1280/2019)

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടും നാലും സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകൾ ജൂലൈ 17 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂലൈ ഒൻപതുവരെയും 500 രൂപ പിഴയോടെ 10 വരെയും 1000 രൂപ സൂപ്പർഫൈനോടെ 11 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1281/2019)

ഒന്നും രണ്ടും സെമസ്റ്റർ ബി.പി.എഡ്. (2014 അഡ്മിഷൻ സപ്ലിമെന്ററി/2007-2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ ആഗസ്റ്റ് രണ്ടു മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1282/2019)

ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (2017 അഡ്മിഷൻ മുതൽ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 24ന് ആരംഭിക്കും. പിഴയില്ലാതെ ജൂലൈ ഒൻപതുവരെയും 500 രൂപ പിഴയോടെ 10 വരെയും 1000 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1283/2019)

## ബി.എസ്‌സി. സൂക്ഷ്മപരിശോധന

മൂന്നാം സെമസ്റ്റർ ബി.എസ്‌സി. ഒക്ടോബർ 2018 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ജൂലൈ 10, 11, 12 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 226-ാം നമ്പർ മുറിയിൽ ഹാൾടിക്കറ്റുമായി എത്തണം.

(പി.ആർ.ഒ./39/1284/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്‌സി. ഹോംസയൻസ് ബ്രാഞ്ച് X (A) ചൈൽഡ് ഡെവലപ്‌മെന്റ് ആന്റ് ഫാമിലി സയൻസ്, ബ്രാഞ്ച് X (D) കമ്മ്യൂണിറ്റി ആന്റ് ഫാമിലി സയൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 18 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1285/2019)

2019 ജൂൺ 21ന് നടന്ന നാലാം സെമസ്റ്റർ ബി.എ. പ്രൈവറ്റ് മോഡൽ I സോഷ്യോളജി (സി.ബി.സി.എസ്.എസ്.) പുനഃപരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂലൈ 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1286/2019)

## സ്റ്റേറ്റ് ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാം

സംസ്ഥാന നൈപുണ്യ വികസന മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏകജാലക സംവിധാനമായ സ്റ്റേറ്റ് ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. www.statejobportal.kerala.gov.in എന്ന വെബ്‌സൈറ്റിലൂടെയാണ് രജിസ്റ്റർ ചെയ്യേണ്ടത്. അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകരെയും തൊഴിൽദാതാക്കളെയും ഒരു കുടക്കീഴിൽ കൊണ്ടുവരാനും ജോലി/കമ്പനി/യോഗ്യത/സ്ഥലം ഇവയ്ക്കനുസരിച്ച് ജോലികൾ തിരഞ്ഞെടുക്കാനും യോഗ്യതയനുസരിച്ച് ജോലികൾക്ക് രജിസ്റ്റർ ചെയ്യാനും വെബ്‌സൈറ്റിൽ സൗകര്യമുണ്ട്. സ്വയംസംരംഭകരാകാൻ താല്പര്യമുള്ള വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും തൊഴിൽദാതാവായും രജിസ്റ്റർ ചെയ്യാം. വിവിധ കമ്പനികളുടെ തൊഴിൽമേളകളുടെ വിശദാംശങ്ങളും തൊഴിലന്വേഷകർക്ക് ഉപയോഗപ്രദമായ മറ്റു വിവിധ സർക്കാർ സംവിധാനങ്ങളിലേക്കുള്ള ലിങ്കും വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1287/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ